നമ്പർ: ICPS-5/079/2023

വനിതാ ശിശു വികസന വകുപ്പ് കാര്യാലയം
സംയോജിത ശിശു സംരക്ഷണ പദ്ധതി
പൂജപ്പുര, തിരുവനന്തപുരം
തീയതി : 04.07.2023

# സർക്കുലർ

വിഷയം : വനിതാ ശിശു വികസന വകുപ്പ് -എസ്.സി. പി. എസ്. - ചൈൽഡ് ഹെൽപ് ലൈൻ-ജില്ലാതല കൺട്രോൾ റൂമിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന : 1) കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം 31.03.2023 ന് പുറപ്പെടുവിച്ച CW-II -22/42/2022 നമ്പർ ചൈൽഡ് ഹെൽപ്പ് ലൈൻ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ.
2) സ.ഉ.(സാധാ) നം.403/2023/WCDD., തീയതി.01.07.2023
3) സർക്കാരിൻറെ 01.07.2023 ലെ WCD/C1/84/2023-WCD നമ്പർ കത്ത്.

2015 ലെ ബാലനീതി നിയമപ്രകാരം നിർവ്വചിച്ചിരിയ്ക്കുന്ന കുട്ടികൾക്കായി 24X7 ചൈൽഡ് ഹെൽപ്പ് ലൈൻ '1098' സേവനം സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതിനായി സൂചന (1) പ്രകാരമുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശം കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം പുറപ്പെടുവിയ്ക്കുകയുണ്ടായി. ആയതിൻറെ അടിസ്ഥാനത്തിൽ ചൈൽഡ് ഹെൽപ്പ് ലൈൻ വനിത ശിശു വികസന വകുപ്പിൻറെ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മുഖാന്തിരം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സൂചന (2) പ്രകാരം ഭരണാനുമതി ലഭ്യമാകുകയും, ചെയ്തിട്ടുണ്ട്. നിലവിൽ പ്രവർത്തിച്ചുവരുന്ന ചൈൽഡ് ഹെൽപ്പ് ലൈൻ സർവ്വീസിന് 2023 ജൂലൈ മാസം 31 വരെ മാത്രമാണ് കേന്ദ്ര സർക്കാർ പ്രവർത്തനാനുമതി ദീർഘിപ്പിച്ച് നൽകിയിരിക്കുന്നത് എന്നതിനാൽ തന്നെ സംസ്ഥാനത്ത് 2023 ആഗസ്റ്റ് മാസം 1 മുതൽ വകുപ്പിൻറെ കീഴിൽ ചൈൽഡ് ഹെൽപ്പ് ലൈൻ സർവ്വീസ് പൂർണ്ണ സജ്ജമായി പ്രവർത്തനം ആരംഭിയ്ക്കേണ്ടതുണ്ട്.

ജില്ലാ ശിശു സംരക്ഷണ യൂണിറ്റുതലത്തിലുള്ള ചൈൽഡ് ഹെൽപ്പ് ലൈൻ യൂണിറ്റിലേയ്ക്ക് നിയമനം നടത്തുന്ന സാഹചര്യത്തിൽ നിലവിൽ ചൈൽഡ് ഹെൽപ്പ് ലൈനിൽ സേവനം അനുഷ്ഠിയ്ക്കുന്ന ജീവനക്കാർക്ക് മുൻഗണന നൽകുന്നതിന് സൂചന (3) പ്രകാരം അനുമതിയും ലഭ്യമായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ അടിയന്തിരമായി ജില്ലാതല സെലക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ സൂചന (1) ൽ നിഷ്കർഷിയ്ക്കുംപ്രകാരം വിവിധ തസ്തികകളിൽ വിജ്ഞാപനം പുറപ്പെടുവിയ്ക്കേണ്ടതും 2023 ജൂലൈ മാസം 25 നകം നിയമന പ്രക്രിയകൾ പൂർത്തിയാക്കേണ്ടതുമാണ്.

<u>വിജ്ഞാപനം പുറപ്പെടുവിയ്ക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്:</u>

- ചൈൽഡ് ഹെൽപ്പ് ലൈനിൽ പ്രവർത്തിച്ച് മുൻപരിചയമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകേണ്ടതാണ്.

- കരാർ അടിസ്ഥാനത്തിൽ ഒരുവർഷത്തേക്ക് ആയിരിക്കും നിയമനം.

- ചൈൽഡ് ഹെൽപ്പ് ലൈൻ സൂപ്പർവൈസർ, കേസ് വർക്കർ എന്നീ തസ്തികകളിൽ 3 വീതം ജീവനക്കാരെയാണ് നിയോഗിയ്ക്കേണ്ടത്. ഇപ്രകാരം നിയമിയ്ക്കപ്പെടുന്നവർക്ക് ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാത്രി ഡ്യൂട്ടി ഉണ്ടായിരിയ്ക്കുന്നതാണ്.

- നിയമന പ്രക്രിയയുടെ പൂർണ്ണ അധികാരം ജില്ലാതല സെലക്ഷൻ കമ്മിറ്റിക്ക് മാത്രമായിരിക്കും.

- സെലക്ഷൻ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി അന്തിമ റാങ്ക് ലിസ്റ്റ് അനുമതിയ്ക്കായി സംസ്ഥാന കാര്യാലയത്തിൽ സമർപ്പിയ്ക്കേണ്ടതാണ്.

- ജീവനക്കാരുടെ വേതനം നിശ്ചയിയ്ക്കുന്നതിനായി സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ തീരുമാനത്തിന് വിധേയമായി മാത്രമായിരിയ്ക്കും അന്തിമ വേതനം നിശ്ചയിയ്ക്കുക എന്ന് വിജ്ഞാപനത്തിൽ രേഖപ്പെടുത്തേണ്ടതാണ്. സർക്കാരിലേയ്ക്ക് നൽകിയ പ്രൊപ്പോസലിൽ സൂചിപ്പിച്ചിട്ടുള്ള വേതനം ചുവടെ ചേർക്കുന്നു.

| Sl.No | Name of the Post | Number of Post | Salary per month |
|---|---|---|---|
| 1 | Project Co-ordinator | 1 | 28,000/ |
| 2 | Counsellor | 1 | 23,000/ |
| 3 | Child Helpline Supervisor | 3 | 21,000/ |
| 4 | Case Worker | 3 | 18,000/ |

ചൈൽഡ് ഹെൽപ്പ് ലൈൻ കൺട്രോൾ റൂമിലേയ്ക്ക് നിയമനത്തിനായി പുറപ്പെടുവിച്ച വിജ്ഞാപനത്തിൻറെ പകർപ്പ് അറിവിലേയ്ക്കായി ഉള്ളടക്കം ചെയ്യുന്നു.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

➢ എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.

നമ്പർ: ICPS-5/079/2023

വനിത ശിശു വികസന വകുപ്പ് കാര്യാലയം,
സംയോജിത ശിശു സംരക്ഷണ പദ്ധതി,
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 04.07.2023

## വിജ്ഞാപനം

വിഷയം : വനിത ശിശു വികസന വകുപ്പ് -എസ്.സി. പി. എസ്. - ചൈൽഡ് ഹെൽപ് ലൈൻ-സംസ്ഥാന കൺട്രോൾ റൂമിലേക്ക് വിജ്ഞാപനം പുറപ്പെടുവിച്ചതിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്.

സൂചന : 1) കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം 31.03.2023 ന് പുറപ്പെടുവിച്ച CW-II -22/42/2022 നമ്പർ ചൈൽഡ് ഹെൽപ്പ് ലൈൻ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ.
2) സർക്കാരിൻറെ 01.07.2023 ലെ WCD/C1/84/2023-WCD നമ്പർ കത്ത്.
3) ഈ കാര്യാലയത്തിലെ 01.07.2023 ലെ ഇതേ നമ്പറിലുള്ള വിജ്ഞാപനം.

സൂചന (3) പ്രകാരം മിഷൻ വാത്സല്യ പദ്ധതിയുടെ ഭാഗമായി വനിത ശിശു വികസനവകുപ്പിന്റെ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന ചൈൽഡ് ഹെൽപ് ലൈനിന്റെ തിരുവനന്തപുരം പൂജപ്പുരയിലുള്ള സംസ്ഥാന കാൾ സെന്ററിലേക്ക് ഹെൽപ്പ് ലൈൻ അഡ്മിനിസ്ട്രേറ്റർ, കാൾ ഓപ്പറേറ്റർ, ഐ.ടി.സൂപ്പർവൈസർ, മൾട്ടി പർപ്പസ് സ്റ്റാഫ് എന്നീ തസ്തികകളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി മൾട്ടി പർപ്പസ് സ്റ്റാഫ് ഒഴികെയുള്ള മറ്റ് തസ്തികകളിലേയ്ക്ക് 40 വയസ്സായി നിജപ്പെടുത്തിയിരുന്നു. **എന്നാൽ പ്രസ്തുത വിജ്ഞാപനപ്രകാരം അപേക്ഷ ക്ഷണിച്ച എല്ലാ തസ്തികകളിലേയ്ക്കും അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സായി ഉയർത്തി നിശ്ചയിച്ച് സൂചന (3) പ്രകാരമുള്ള വിജ്ഞാപനത്തിൽ ഭേദഗതി വരുത്തുന്നു.** സൂചനയിലെ വിജ്ഞാപനത്തിൽ സൂചിപ്പിച്ച മറ്റ് വ്യവസ്ഥകൾക്കൊന്നും മാറ്റമുണ്ടായിരിക്കുന്നതല്ല.

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &
മെമ്പർ സെക്രട്ടറി, എസ്.സി.പി.എസ്.

നമ്പർ: ICPS-5/079/2023

വനിതാ ശിശു വികസന വകുപ്പ് കാര്യാലയം
സംയോജിത ശിശു സംരക്ഷണ പദ്ധതി
പൂജപ്പുര, തിരുവനന്തപുരം
തീയതി : 01.07.2023

## വിജ്ഞാപനം

വിഷയം : വനിതാ ശിശു വികസന വകുപ്പ് -എസ്.സി. പി. എസ്. - ചൈൽഡ് ഹെൽപ് ലൈൻ-സംസ്ഥാന കൺട്രോൾ റൂമിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന : 1) കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം 31.03.2023 ന് പുറപ്പെടുവിച്ച CW-II -22/42/2022 നമ്പർ ചൈൽഡ് ഹെൽപ്പ് ലൈൻ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ.
2) സർക്കാരിൻറെ 01.07.2023 ലെ WCD/C1/84/2023-WCD നമ്പർ കത്ത്.

മിഷൻ വാത്സല്യ പദ്ധതിയുടെ ഭാഗമായി വനിത ശിശു വികസനവകുപ്പിന്റെ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന ചൈൽഡ് ഹെൽപ് ലൈനിന്റെ തിരുവനന്തപുരം പൂജപ്പുരയിലുള്ള സംസ്ഥാന കാൾ സെന്ററിലേക്ക് ചുവടെ പറയുന്ന തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

| NOTIFIED POSTS FOR WCD CONTROL ROOM | | | | | |
|---|---|---|---|---|---|
| S. No | Position | Number of Staff | Qualification | Maximum Age (as on date of notification) | Salary (Subject to government approval) |
| 1 | Helpline Administrator | 01 | • Person having a Masters in Law/ Social Work/ Sociology/Social Science/ Psychology with at least 5 years' experience of working on child related relevant domains in an administrative set-up with a Government or Non-Government project/programme and preferably with at least 1-year experience of counselling either within or outside the same set-up.<br>• She/he should be preferably a resident of the local community so that local human resource and expertise is utilized for effective functioning of the centre. | 40 Year | 30,000 |
| 2 | Call Operator | 12 | • Person having good communication skills in Hindi, English and / or regional languages | 40 Year | 19,000 |

| | | | | | |
|---|---|---|---|---|---|
| | | | and having requisite qualifications and experience of working on telecom / web based relevant systems. | | |
| 3 | IT Supervisor | 01 | • Person who is a graduate with at least diploma in computers/ IT etc with a minimum of 3 years' experience in data management, process documentation and web-based reporting formats, video conferencing at state or district level with government or Non-Governmental/IT based organizations. | 40 Year | 22,000 |
| 4 | Multi- purpose Staff | 01 | • Person having knowledge/ experience of working in the relevant domain | 50 Year | 15,000 |

**സർക്കാർ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും അന്തിമ വേതനം നിശ്ചയിക്കുക.*

മേൽ സൂചിപ്പിച്ച ഒഴിവുകളിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികൾ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ ഫോട്ടോ പതിപ്പിച്ച്, യോഗ്യത, പ്രവർത്തിപരിചയം, വയസ്സ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം 10.07.2023 തീയതി വൈകിട്ട് 5 മണിക്ക് മുൻപായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി സംസ്ഥാന കാര്യാലയം, വനിത ശിശു വികസന ഡയറക്ടറേറ്റ്, പൂജപ്പുര, തിരുവനന്തപുരം– 695 012 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

<u>അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:</u>

- അപേക്ഷകർ ഇതോടൊപ്പം ചേർത്തിട്ടുള്ള നിശ്ചിത ഫോറത്തിൽ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷയോടൊപ്പം വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉണ്ടായിരിക്കേണ്ടതാണ്.
- നിശ്ചിത ഫോറത്തിലല്ലാത്തതോ, അപൂർണമായതോ, രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യിട്ടില്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- അപേക്ഷയുടെ കവറിന് പുറത്ത് അപേക്ഷിക്കുന്ന തസ്തികയുടെ പേര് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
- അപേക്ഷകൾ ഈ കാര്യാലയത്തിൽ നേരിട്ടോ രജിസ്റ്റേഡ് സ്പീഡ് പോസ്റ്റ് ആയോ മാത്രം സമർപ്പിക്കേണ്ടതാണ്.
- 2023 ജൂലൈ 10 ന് വൈകിട്ട് 5 മണിക്ക് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

- അഭിമുഖം 2023 ജൂലൈ മാസം 14-ാം തീയതിയിലായിരിയ്ക്കും.
- അഭിമുഖവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ ഇ-മെയിൽ മുഖാന്തിരമായിരിയ്ക്കും. ആയതിനാൽ ഇ-മെയിൽ ഐ.ഡി. കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

<u>നിയമനപ്രക്രിയ</u>

- സമർപ്പിക്കപ്പെട്ട അപേക്ഷയും പ്രവർത്തിപരിചയവും വിശദമായി പരിശോധിച്ച് സ്ക്രീനിംഗ് നടത്തി യോഗ്യമായ അപേക്ഷകൾ മാത്രം തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം സെലക്ഷൻ കമ്മിറ്റിക്ക് ഉണ്ടായിരിക്കും.
- ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലാണെങ്കിൽ ഉചിതമായ സ്ക്രീനിംഗ് മാർഗ്ഗങ്ങൾ തിരഞ്ഞെടുക്കാൻ പൂർണ്ണ അധികാരം സെലക്ഷൻ കമ്മിറ്റിക്ക് ഉണ്ടായിരിക്കും.
- ഉദ്യോഗാർത്ഥികളുടെ അപേക്ഷയും പ്രവർത്തിപരിചയവും പരിഗണിച്ച് യോഗ്യരായവർക്ക് മാത്രമായിരിക്കും എഴുത്തുപരീക്ഷ/അഭിമുഖം സംഘടിപ്പിക്കുക.
- ചൈൽഡ് ഹെൽപ്പ് ലൈനിൽ പ്രവർത്തിച്ച് മുൻപരിചയമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
- അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന അന്തിമ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുക.
- ആദ്യ ഘട്ടത്തിൽ കരാർ അടിസ്ഥാനത്തിൽ ഒരുവർഷത്തേക്ക് ആയിരിക്കും നിയമനം.
- Call Operator തസ്തികയിൽ നിയമിക്കപ്പെടുന്നവർക്ക് ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാത്രി ഡ്യൂട്ടി ഉണ്ടായിരിക്കുന്നതാണ്.
- നിയമന പ്രക്രിയയുടെ പൂർണ്ണ അധികാരം സെലക്ഷൻ കമ്മിറ്റിക്ക് മാത്രമായിരിക്കും.
- യാതൊരു കാരണവും കൂടാതെ വിജ്ഞാപനം റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സെലക്ഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമായിരിയ്ക്കും.

അപേക്ഷകൾ വനിതാ ശിശു വികസന ഡയറക്ടർ, സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി സംസ്ഥാന കാര്യാലയം, വനിത ശിശു വികസന ഡയറക്ടറേറ്റ്, പൂജപ്പുര, തിരുവനന്തപുരം- 695 012 (ഫോൺ നം : 0471 2342235 ) എന്ന വിലാസത്തിൽ അയയ്ക്കുകയോ, നേരിട്ട് സമർപ്പിക്കുകയോ ചെയ്യാവുന്നതാണ്.

അപേക്ഷാ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ഉൾകൊള്ളിക്കുന്നു. കൂടാതെ http://wcd.kerala.gov.in/ എന്ന വെബ് സൈറ്റിലും ലഭ്യമാണ്.

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ &
മെമ്പർ സെക്രട്ടറി, എസ്.സി.പി.എസ്.

# Women & Child Development Department
# State child Protection Society (SCPS)
# Child Helpline- WCD Control Room

Application form for the post of ..........................................................

1. Name :
2. Date of Birth :
3. Age as on notification date :
4. Gender :
5. Address :

Affix Photo
(Self Attested)

| Permanent Address | Communication Address |
|---|---|
| | |

6. Mobile Number :
7. Email Id :
8. Qualification :
(Attach Self attested copies)

| SL. No | Qualification | Register No & Pass out Year | Percentage of Marks/Grade |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |

| | | | |
|---|---|---|---|
| 4 | | | |
| 5 | | | |

9. Experience :

(Attach self attested copies)

| Sl. No | Year of Experience | | Designation | Name of Organisation |
|---|---|---|---|---|
| | Year | Month | | |
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |

## Declaration

I.............................................., hereby declare that the above information are true and best of my knowledge and belief. If the above information is found to be incorrect during or after recruitment, My candidature will be cancelled.

Place :

Date :

Name and Signature of Applicant